**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4826** **02-07-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ സാമൂഹ്യപഠനമുറി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ സാമൂഹ്യപഠനമുറി പദ്ധതി പ്രകാരം എത്ര പേർക്കാണ് ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളതെന്ന് തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിൽ സാമൂഹ്യ പഠനമുറികൾ സ്ഥാപിച്ചിട്ടില്ല . |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകൾക്ക് കീഴിൽ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന വിവിധ ധനസഹായങ്ങളെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (ബി) | **പട്ടികവർഗ്ഗം**<br>• **പ്രീ-മെട്രിക് വിദ്യാഭ്യാസാനുകൂല്യം**<br>2021-22 മുതൽ 2023-24 അധ്യയന വർഷം വരെ ആലപ്പുഴ മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ ഒന്ന് മുതൽ പത്തുവരെ ക്ലാസ്സിൽ പഠിച്ചിരുന്ന 167 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് 4,66,400/- രൂപ അനുവദിച്ചിട്ടുണ്ട്.<br>**പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം**<br>2021-22 മുതൽ 2023-24 അധ്യയന വർഷം വരെ ആലപ്പുഴ മണ്ഡലത്തിലെ വിവിധ സ്ഥാപനങ്ങളിൽ പഠിച്ച 10 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് 1,22,120/- രൂപ നൽകിയിട്ടുണ്ട്.<br>**പ്രത്യേക പ്രോത്സാഹന ധന സഹായം**<br>2021-22 മുതൽ 2023-24 അധ്യയന വർഷം വരെ ആലപ്പുഴ മണ്ഡലത്തിലെ പത്താം ക്ലാസ് മുതൽ പോസ്റ്റ് ഗ്രാജ്വേഷൻ വരെ പഠിച്ച പട്ടിക വർഗ്ഗ വിദ്യാർത്ഥികളിൽ ഉന്നത വിജയം നേടിയ 2 പേർക്ക് 6000/ - രൂപ ഈ പദ്ധതിയ്ക്കായി നൽകിയിട്ടുണ്ട്.<br>**രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധന സഹായം**<br>2021-22 മുതൽ 2023-24 അധ്യയന വർഷം വരെ ആലപ്പുഴ മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ ഒന്ന് മുതൽ നാലു വരെ ക്ലാസ്സിൽ പഠിച്ചിരുന്ന 41 പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക്<br>20,500/- രൂപ അനുവദിച്ചിട്ടുണ്ട്.<br>**പട്ടികജാതി**<br>പട്ടികജാതി വികസന വകുപ്പ് സാമൂഹ്യ പഠനമുറി പദ്ധതി നടപ്പിലാക്കിയിട്ടില്ല ആലപ്പുഴ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകൾ മുഖേന ലംപ്സം ഗ്രാന്റ്, |

<table>
<tr>
<td></td>
<td></td>
<td></td>
<td>എഡ്യൂക്കേഷൻ എയ്ഡ്, 8,9 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രത്യേക സ്കോളർഷിപ്പ്, അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി, ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ്, സ്റ്റഡിടൂർ തുടങ്ങിയ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു. കൂടാതെ മണ്ഡലത്തിൽ ഒരു പ്രീമെട്രിക് ഹോസ്റ്റൽ, നഴ്സറി സ്കൂൾ എന്നിവയും പ്രവർത്തിക്കുന്നു</td>
</tr>
<tr>
<td>(സി)</td>
<td>പ്രസ്തുത മണ്ഡലത്തിൽ മിശ്രവിവാഹിതർക്ക് നൽകുന്ന ധനസഹായത്തിന്റെ വിശദവിവരം തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?</td>
<td>(സി)</td>
<td><u>പട്ടികവർഗ്ഗം</u><br><br>മിശ്ര വിവാഹ ധനസഹായ പദ്ധതി പ്രകാരം 2021-22 ,2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ആലപ്പുഴ മണ്ഡലത്തിലെ പട്ടികവർഗ്ഗക്കാർക്ക് ആനുകൂല്യം അനുവദിച്ചിട്ടില്ല.<br><br><u>പട്ടികജാതി</u><br><br>മിശ്ര വിവാഹ ധനസഹായ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നം</th><th>പഞ്ചായത്ത്</th><th>ഗുണഭോക്താക്കളുടെ എണ്ണം</th><th>ചിലവഴിച്ച തുക</th></tr>
<tr><td>1</td><td>മാരാരിക്കുളം വടക്ക്</td><td>21</td><td>15,75,000/-</td></tr>
<tr><td>2</td><td>മണ്ണഞ്ചേരി</td><td>16</td><td>12,00,000/-</td></tr>
<tr><td>3</td><td>മാരാരിക്കുളം</td><td>4</td><td>3,00,000/-</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ